47926/CDOE-A-ASST-2/2018/Admn 24.01.2026

**പത്രക്കുറിപ്പ്**

**(എല്ലാ എഡീഷനുകളിലും പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)**

---

***കാലിക്കറ്റ് യൂണിവേഴ്സിറ്റി ഓൺലൈൻ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്ക് യുജിസി അനുമതിയായി***

കാലിക്കറ്റ് സർവകലാശാലയിൽ 2026 ഫെബ്രുവരി മുതൽ ഓൺലൈനായി (യുജിസി എൻടൈറ്റിൽഡ് മോഡ്) എം എ സോഷ്യോളജി, എം എ ഹിസ്റ്ററി, എം എ പൊളിറ്റിക്കൽ സയൻസ്, എം എ എക്കണോമിക്സ് എന്നീ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കാൻ യുജിസി അനുമതി നൽകി. 2026 മാർച്ച് 31 നു മുമ്പ് അഡ്മിഷൻ നടപടികൾ പൂർത്തീകരിച്ച് വിവരങ്ങൾ കൈമാറാനാണ് യുജിസി അറിയിച്ചിട്ടുള്ളത് ആയതിന്റെ അടിസ്ഥാനത്തിൽ താമസമില്ലാതെ ഇതിലേക്കുള്ള പ്രവേശന നടപടികൾ ആരംഭിക്കുന്നതാണ്.

വിദേശത്തുള്ള വിദ്യാർത്ഥികൾക്കും, തൊഴിൽ ചെയ്യുന്നവർക്കും പഠിക്കാവുന്ന രീതിയിൽ ആയിരിക്കും ബിരുദാനന്തര ഓൺലൈൻ പ്രോഗ്രാമുകൾ ഈ വർഷം മുതൽ ആരംഭിക്കുക. യുജിസിയുടെ നിബന്ധനങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി നടത്തുന്ന റെഗുലർ പ്രോഗ്രാമിന് തുല്യമായ പ്രോഗ്രാമുകൾ ആവും ഇത്.

വിദ്യാർത്ഥികളുടെ സൗകര്യവും താല്പര്യവും അനുസരിച്ച് പഠനം ക്രമീകരിക്കാം, പ്രായപരിധിയില്ല. പ്രവേശനം മുതൽ ബിരുദ ദാനം വരെ കൃത്യമായ സ്ക്രീനിങ് സംവിധാനവും, വിദഗ്ധ അധ്യാപകരുടെ മേൽനോട്ടത്തിൽ നിരന്തര വിലയിരുത്തലുകളും ഉണ്ടാകും.

പാഠങ്ങൾ ലളിതമായി വിശദീകരിക്കുകയും ഇന്റേർണൽ, എക്സ്റ്റേണൽ പരീക്ഷകൾ ഉൾപ്പെടെ എല്ലാ നടപടികളും ഓൺലൈനിൽ പൂർത്തീകരിക്കാനാകും. സാധാരണ ഗതിയിൽ ഒരു ഘട്ടത്തിലും വിദ്യാർത്ഥികൾ സർവകലാശാലയിൽ നേരിട്ട് എത്തേണ്ടതില്ല. പഠന വിഷയങ്ങളിൽ സംശയങ്ങൾ പരിഹരിക്കുന്നതിന് അധ്യാപകരുടെ ഓൺലൈൻ സേവനം ഉണ്ടാകും.

ഓരോ പ്രോഗ്രാമും രണ്ട് സ്കീമുകളായി തരംതിരിച്ചിട്ടുണ്ട് വിദ്യാർത്ഥികൾക്ക് അവർക്ക് ഇഷ്ടമുള്ള സ്കീമുകളിൽ ചേർന്ന് പഠിക്കാൻ സൗകര്യമുണ്ടായിരിക്കും.

പഠനം മുഴുവൻ ഓൺലൈനായും പരീക്ഷ മാത്രം യൂണിവേഴ്സിറ്റിക്ക് കീഴിലുള്ള ലേണിംഗ് സപ്പോർട്ട് സെന്ററിലോ അഫിലിയേറ്റഡ് കോളേജിലോ വന്ന് എഴുതുന്നതുമാണ് ആദ്യ സ്കീം. പഠനവും പരീക്ഷയും മുഴുവനായി ഓൺലൈനായി നടത്തുന്നതാണ് രണ്ടാമത്തെ സ്കീം.

Dr.Ravikumar C.D
Director, Centre for Distance and Online Education

To
The Public Relation Officer
University of Calicut